Vol-II, N0.3
21-01 - 2008

*Kerala Catholic Bishops' Council's*

# *Commission for Social Harmony and Vigilance*

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

## പ്രധാന വാർത്തകൾ

01. കെ.ഇ.ആർ പരിഷികരണത്തിനു പിന്നിൽ ഗൂഢലക്ഷ്യം: കെ.ആർ.എൽ.സി.സി
02. രാഷ്ട്രീയ കുതന്ത്രങ്ങൾക്കെതിരെ പ്രതികരിക്കണം: ആർച്ച് ബിഷപ്.
03. എയ്ഡഡ് സ്കൂൾ നിയമനം പി.എസ്.സിക്ക് വിടുന്നതിൽ നിന്ന് സർക്കാർ പിൻമാറുന്നു.
04. ബി.എഡ് അധ്യാപകരാകാൻ ഇനി എംഎഡ് വേണ്ട.
05. നന്മയുടെ പക്ഷം ചേരാൻ വിശ്വാസികൾ മുന്നോട്ടു വരണം: മാർ ചക്യത്ത്
06. സംസ്ഥാന സർക്കാർ മത്സ്യത്തൊഴിലാളികളെ വഞ്ചിച്ചു: ആർച്ച് ബിഷപ് സൂസൈപാക്യം.

### 01. **കെ.ഇ.ആർ പരിഷികരണത്തിനു പിന്നിൽ ഗൂഢലക്ഷ്യം: കെ.ആർ.എൽ.സി.സി** (ദീപിക 13-1-2008)

വിദ്യാഭ്യാസമേഖലയിൽ നിസ്തുലസേവനം അർപ്പിക്കുന്ന സ്വകാര്യ ഏജൻസികളെ തുടച്ചുമാറ്റാനും വരും തലമുറകളെ വിശ്വാസശൂന്യ സംസ്കാരത്തിലേക്ക് എത്തിക്കാനുള്ള ഗൂഢലക്ഷ്യങ്ങൾ ഉൾക്കൊള്ളുന്നതാണ് കെ.ഇ.ആർ പരിഷ്കരണപ്രക്രിയയെന്ന് കേരളത്തിലെ ലത്തീൻ കത്തോലിക്കാ സമൂഹത്തിന്റെ പരമോന്നത നയരൂപീകരണസമിതിയായ കെ.ആർ.എൽ.സി.സി (കേരള റീജൺ ലാറ്റിൻ കാത്തലിക് കൗൺസിൽ) അഭിപ്രായപ്പെട്ടു. അധ്യാപകനിയമനം, വിദ്യാർത്ഥിപ്രവേശം എന്നിവ തന്ത്രപൂർവ്വം കൈയടക്കിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനാവശ്യ ഇടപെടലുകൾക്ക് വഴി തുറന്നും ഇടതുസർക്കാരിന്റെ പ്രത്യയശാസ്ത്രലക്ഷ്യങ്ങൾ സാധിക്കാനുള്ള ഗൂഢശ്രമങ്ങളാണ് കെ.ഇ.ആർ പരിഷ്കരണത്തിനു പിന്നിൽ. വിദ്യാഭ്യാസമേഖലയിൽ കാലാനുസൃതമായുണ്ടാകേണ്ട ക്രിയാത്മകമായ മാറ്റങ്ങളെ തിരിച്ചറിഞ്ഞു സ്വാഗതം ചെയ്യുമ്പോൾ തന്നെ സർക്കാരിന്റെ രഹസ്യ അജണ്ടകൾക്കെതിരെ ജാഗ്രത പുലർത്തേണ്ടത് ക്രൈസ്തവസഭയുടെ ധാർമിക ചുമതലയാണ്. സി.പി നായർ കമ്മിറ്റിയുടെ പേരിൽ സർക്കാർ നടത്തുന്ന ഒളിച്ചു കളി അവസാനിപ്പിക്കണം. നിയമാധികാരം നിഷേധിക്കുന്നതും തന്ത്രപൂർവ്വം അക്കാദമിക കാര്യങ്ങളിൽപോലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും മറ്റും കടത്തിവിടുന്നതും ന്യൂനപക്ഷാവകാശമാണ്- പ്രസിഡന്റ് ആർച്ച്ബിഷപ് ഡോ. ദാനിയേൽ ആച്ചാരുപറമ്പിൽ പറഞ്ഞു.

സുനാമി ദുരിതാശ്വാസ ഫണ്ടിന്റെ കാര്യത്തിൽ നീതിനിഷേധമുണ്ടായാൽ സംസ്ഥാനതലത്തിൽ എല്ലാ ജനവിഭാഗങ്ങളെയും സംഘടിപ്പിച്ചു പ്രക്ഷോഭത്തിനു നേതൃത്വം നൽകുമെന്നും ഭാരവാഹികൾ വ്യക്തമാക്കി. സുനാമി ദുരിതാശ്വാസത്തിന് കേന്ദ്രം അനുവദിച്ച 1441.75 കോടി രൂപയും തുടർന്ന് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള തുകകളും സുനാമിയുടെ തിക്തഫലങ്ങൾ അനുഭവിക്കുന്ന മത്സ്യതൊഴിലാളിഗ്രാമങ്ങളുടെ സമഗ്രപുരോഗതിക്കായി മാത്രമേ വിനിയോഗിക്കാവൂ. സുനാമി ഫണ്ട് വകമാറ്റി ചെലവഴിക്കപ്പെടുന്നില്ലായെന്ന് കേന്ദ്രസർക്കാർ ഉറപ്പു വരുത്തണം. ഈ ആവശ്യം ഉന്നയിച്ച് കേന്ദ്രത്തിലേക്ക് ഒരു പ്രതിനിധി സംഘത്തെ അയയ്ക്കും. ഒറീസ്സയിലെ ക്രൈസ്തവവിരുദ്ധകലാപത്തിൽ ഉത്കണ്ഠയും പ്രതിഷേധവും രേഖപ്പെടുത്തിയ സമ്മേളനം നവീൻ പട്നായക് സർക്കാരിനെതിരെ ഭരണഘടനാപരമായ നടപടികൾ സ്വീകരിക്കാൻ കേന്ദ്രസർക്കാർ ധാർമിക ധീരത കാണിക്കണമെന്നും ആവശ്യപ്പെട്ടു.

കണ്ണൂർ മുതൽ നെയ്യാറ്റിൻകര വരെയുള്ള പതിനൊന്ന് രൂപതകളിലെയും ബിഷപ്പുമാരും അല്മായ, വൈദീക, സന്യസ്ത പ്രതിനിധികളും പങ്കെടുത്തു. പത്രസമ്മേളനത്തിൽ ആർച്ച് ബിഷപ് ഡോ. സൂസൈപാക്യം, ബിഷപ് ഡോ. സ്റ്റാൻലി റോമൻ, ബിഷപ് ഡോ. വിൻസെന്റ് സാമുവൽ, ഫാ. സ്റ്റീഫൻ കുളക്കായത്തിൽ, അഡ്വ. റാഫേൽ ആന്റണി, ജോസഫ് സ്റ്റാൻലി, ഇഗ്നേഷ്യസ് ഗോൺസാൽവസ്, അഡ്വ. ആന്റണി അമ്പാട്ട് എന്നിവർ പങ്കെടുത്തു.

**02. രാഷ്ട്രീയ കുതന്ത്രങ്ങൾക്കെതിരെ പ്രതികരിക്കണം: ആർച്ച് ബിഷപ്.** (മലയാള മനോരമ 12-1-2008)

പുരോഹിതൻമാർക്കും സാമുദായിക പ്രവർത്തകർക്കും സഭാ മേലദ്ധ്യക്ഷൻമാർക്കും എതിരായ സംഘടിത ശ്രമങ്ങൾ തിരിച്ചറിഞ്ഞ് ശക്തമായി പ്രതികരിക്കണമെന്ന് വരാപ്പുഴ അതിരൂപത ആർച്ച് ബിഷപ് ഡോ. ഡാനിയൽ അച്ചാരുപറമ്പിൽ പറഞ്ഞു. പുരോഹിതൻമാരേയും ബിഷപ്പുമാരേയും അപമാനിക്കുന്ന രാഷ്ട്രീയ കുതന്ത്രങ്ങൾക്കെതിരെ പ്രതികരിക്കണം. കേരളത്തിലെ ലത്തീൻ കത്തോലിക്കാ സഭയുടെ ഏകോപനസമിതിയായ കെ.ആർ.എൽ.സി.സി ജനറൽ അസംബ്ലിയിൽ അധ്യക്ഷത വഹിക്കുകയായിരുന്നു ആർച്ച് ബിഷപ്. മത മേലധ്യക്ഷൻമാരെ അപമാനിക്കാൻ ചില രാഷ്ട്രീയനേതാക്കൾ നടത്തുന്ന ശ്രമങ്ങൾ ആസൂത്രിതമാണ്. ഇത്തരം കുതന്ത്രങ്ങൾ തിരിച്ചറിഞ്ഞ്, വിശ്വാസത്തിൽ അടിയുറച്ചു മുന്നോട്ടു പോകണം. വിദ്യാഭ്യാസരംഗം കലുഷിതമാക്കിയവരോട് സഭ പ്രതിഷേധിക്കുന്നു. വിദ്യാഭ്യാസ മേഖലയിലെ കാര്യങ്ങൾ രാഷ്ട്രീയമായി വളച്ചൊടിക്കുകയും കാഴ്ചപ്പാടുകൾ അപ്പാടെ മാറ്റുകയും ചെയ്യുന്നതു തെറ്റാണ്.

സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക മേഖലകളിൽ ക്രിയാത്മകമായി പ്രതികരിക്കാനുള്ള ശക്തി കെ.ആർ.എൽ.സി.സി നേടിക്കഴിഞ്ഞു. കർമ്മപദ്ധതി തയാറാക്കി ദൃഢനിശ്ചയത്തോടെ മുന്നോട്ട് പോവുകയാണ് വേണ്ടതെന്നും ആർച്ച് ബിഷപ് ആഹ്വാനം ചെയ്തു. സഭകൾ തമ്മിൽ യോജിച്ച് പ്രവർത്തിക്കണമെന്ന് സമ്മേളനം ഉദ്ഘാടനം ചെയ്ത കർണാടക മുൻ ചീഫ് സെക്രട്ടറി ഡോ. ജെ. അലക്സാണ്ടർ പറഞ്ഞു. ജനങ്ങളോട് പ്രതിബദ്ധതയുള്ളവരെ രാഷ്ട്രീയരംഗത്തേക്ക് കൊണ്ടുവരണം. വിശ്വാസത്തിൽ അടിയുറച്ചു പ്രവർത്തിക്കുകയും രാഷ്ട്രീയമാറ്റത്തിന് അനുസരിച്ച് ശാക്തീകരണത്തിന് ശ്രമിക്കുകയും വേണമെന്നും അദ്ദേഹം പറഞ്ഞു. ഒറീസ്സയിലെ ക്രൈസ്തവർക്കെതിരായ അക്രമങ്ങളിൽ സമ്മേളനം ആശങ്ക രേഖപ്പെടുത്തി.

**03. എയ്ഡഡ് സ്കൂൾ നിയമനം പി.എസ്.സിക്ക് വിടുന്നതിൽ നിന്ന് സർക്കാർ പിൻമാറുന്നു.**

(മാതൃഭൂമി 8-1-2008 )

എയ്ഡഡ് സ്കൂളുകളിലെ അധ്യാപകനിയമനം പി.എസ്.സിക്ക് വിടണമെന്നും പഞ്ചായത്തുകൾക്ക് സ്കൂൾ നടത്തിപ്പിൽ അധികാരം നൽകണമെന്നുമുള്ള നിലപാടുകളിൽ നിന്ന് സംസ്ഥാന സർക്കാർ പിൻവാങ്ങുന്നു. സർക്കാർ സ്കൂളുകളിൽ മാത്രമായിരിക്കും പഞ്ചായത്തുകൾക്ക് നാമമാത്രമായ അധികാരം. ഇതുസംബന്ധിച്ച് മുന്നോട്ടുവെച്ച കെ.ഇ.ആർ പരിഷ്കരണസമിതിയുടെ കരട് റിപ്പോർട്ട് പുറത്തുവന്നതിനെ തുടർന്ന് സംസ്ഥാനത്ത് ഉയർന്നുവന്ന വ്യാപകമായ പ്രതിഷേധത്തിന്റെ വെളിച്ചത്തിലാണ് വിവാദ നിലപാടുകളിൽ നിന്ന് പിൻവാങ്ങാൻ സർക്കാർ തീരുമാനിച്ചത്. വിവിധ സാമൂദായിക നേതൃത്വങ്ങളും ഇടതുമുന്നണിയിലെ ഘടകകക്ഷികളും സർക്കാർ നിലപാടിനെതിരെ പരസ്യമായി രംഗത്തുവന്നത് പരിഷ്കരണനിർദ്ദേശങ്ങളുമായി മുന്നോട്ടുപോകാനാകാത്ത സാഹചര്യം സംജാതമാക്കി.

**04. ബി.എഡ് അധ്യാപകരാകാൻ ഇനി എംഎഡ് വേണ്ട.** (ദേശാഭിമാനി 08-01-2008)

ബിഎഡ് പ്രവേശന യോഗ്യതയിലും ദേശീയ അധ്യാപക വിദ്യാഭ്യാസ കൗൺസിൽ (എൻസിടിഇ) ഇളവ് വരുത്തി. ബിരുദ പരീക്ഷയ്ക്ക് 45 ശതമാനമോ അതിൽ കൂടുതലോ മാർക്ക് നേടിയവർക്ക് ഇനി മുതൽ ബിഎഡ് കോഴ്സ് പ്രവേശനത്തിന് അപേക്ഷിക്കാം. ബിരുദത്തിന് അമ്പത് ശതമാനം മാർക്കായിരുന്നു നേരത്തെ വേണ്ടിയിരുന്ന കുറഞ്ഞ യോഗ്യത. അതേ പോലെ ബിരുദാനന്തരബിരുദവും ബിഎഡും മാത്രമുള്ളവർക്ക് ബിഎഡ് കോളേജിൽ അധ്യാപകരാകാമെന്ന

പുതിയ പരിഷ്കാരവും എൻസിടിഇ കൊണ്ടുവന്നിട്ടുണ്ട്. നേരത്തെ ബിരുദാനന്തരബിരുദത്തോടൊപ്പം എംഎഡുമുള്ളവർക്ക് മാത്രമേ ബിഎഡ് കോളേജുകളിൽ അധ്യാപകരാകാൻ കഴിയുമായിരുന്നുള്ളൂ. അധ്യാപകരായി നിയമിക്കപ്പെട്ടവർ നെറ്റ് യോഗ്യത നേടിയിരിക്കണമെന്ന നിബന്ധനയും എടുത്ത് കളഞ്ഞിട്ടുണ്ട്. നെറ്റ് യോഗ്യതയില്ലാത്ത അധ്യാപകർ 2009-10 അക്കാദമിക് വർഷത്തിനു മുമ്പ് യോഗ്യത നേടിയിരിക്കണമെന്നായിരുന്നു നേരത്തെയുണ്ടായിരുന്ന നിബന്ധന. പ്രിൻസിപ്പൽമാരുടെ യോഗ്യതയിലും ഇളവ് വരുത്തിയിട്ടുണ്ട്. നേരത്തെ പ്രിൻസിപ്പലാവാൻ പിഎച്ച്ഡിയും പത്തുവർഷത്തെ അധ്യാപകയോഗ്യതയും ആവശ്യമായിരുന്നു. എന്നാൽ പുതിയ മാനദണ്ഡമനുസരിച്ച് ഈ രണ്ട് നിബന്ധനകളും എടുത്ത് കളഞ്ഞു. ലക്ചർ പോസ്റ്റിൽ അഞ്ചു വർഷം യോഗ്യതയുള്ളവരെ പിഎച്ച്ഡി ഇല്ലെങ്കിലും ഇനി മുതൽ പ്രിൻസിപ്പലായി നിയമിക്കാം. ബിഎഡ് കോഴ്സിന്റെ ദൈർഘ്യത്തിലും കുറവു വരുത്തി നേരത്തെ 200 അധ്യയന ദിനങ്ങൾ വേണമെന്ന് നിർബന്ധമായിരുന്നു. ഇപ്പോഴത് 180 അധ്യയന ദിനങ്ങളായി കുറച്ചിട്ടുണ്ട്. മാനദണ്ഡങ്ങളിൽ മാറ്റം വരുത്തി കഴിഞ്ഞ ദിവസമാണ് എൻസിടിഇ ഉത്തരവിറക്കിയത്.

**05. നന്മയുടെ പക്ഷം ചേരാൻ വിശ്വാസികൾ മുന്നോട്ടു വരണം: മാർ ചക്യത്ത്** (ദീപിക 10-1-2008)

ദൈവ വചനങ്ങളും പ്രമാണങ്ങളും ഹൃദയത്തിൽ പ്രതിഷ്ഠിച്ചുകൊണ്ട് ജീവിതത്തിൽ ആത്മീയനവീകരണം പ്രാപിച്ച് നന്മയുടെ പക്ഷം ചേരാൻ വിശ്വാസികൾ മുന്നോട്ടു വരണമെന്ന് എറണാകുളം-അങ്കമാലി അതിരൂപതാ സഹായ മെത്രാൻ മാർ തോമസ് ചക്യത്ത് ആഹ്വാനം ചെയ്തു. കൂടാലപ്പാട് സെന്റ് ജോർജ് ഇടവക ദേവാലയത്തിന്റെ സുവർണ ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു ദിവ്യബലി മധ്യേ വചന പ്രഘോഷണം നടത്തുകയായിരുന്നു അദ്ദേഹം. പ്രാർത്ഥനയിൽ അധിഷ്ടിതമായ ജീവിതം നയിക്കുമ്പോഴാണ് വ്യക്തികളിലൂടെ സമൂഹത്തിൽ മാറ്റങ്ങൾ ഉണ്ടാകുന്നത്. കുടുംബങ്ങളിലെ ആത്മീയത നശിപ്പിക്കുന്ന ലഹരി വസ്തുക്കൾ ഉപേക്ഷിക്കുവാൻ ഓരോരുത്തും തയ്യാറാകണമെന്നും അദ്ദേഹം തുടർന്ന് ഉദ്ബോധിപ്പിച്ചു. പാവപ്പെട്ടവരുടെ പക്ഷം ചേരാനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനും കഴിയണം. അന്യമതങ്ങളെ ആദരിക്കാനും അവരെ ബഹുമാനിക്കാനും കൂടുതൽ മനസ് കാട്ടണം. മാർ ചക്യത്ത് പറഞ്ഞു.

**06. സംസ്ഥാന സർക്കാർ മത്സ്യത്തൊഴിലാളികളെ വഞ്ചിച്ചു: ആർച്ച് ബിഷപ് സൂസൈപാക്യം.**
( വീക്ഷണം 15-1-2008)

മത്സ്യത്തൊഴിലാളികളെ സംസ്ഥാന സർക്കാർ വഞ്ചിച്ചതായി തിരുവനന്തപുരം ലത്തീൻ അതിരൂപത ആർച്ച് ബിഷപ് ഡോ. എം. സൂസൈപാക്യം. തീരദേശ മേഖലയോടുള്ള അവഗണനക്കെതിരെയും സുനാമി ഫണ്ട് അട്ടിമറിക്കെതിരെയും സുനാമി പുനരധിവാസ കർമ്മസമിതി നടത്തിയ സെക്രട്ടേറിയറ്റ് മാർച്ചും ഉപവാസവും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ബിഷപ്.

തീരദേശത്തെ പാവപ്പെട്ടവരോട് സർക്കാർ കാട്ടുന്ന അവഗണന വച്ച് പൊറുപ്പിക്കില്ലെന്നും അദ്ദേഹം വ്യക്തമാക്കി. മത്സ്യത്തൊഴിലാളികളെ വഞ്ചിച്ച് കണ്ണിൽ പൊടിയിടാനാണ് സർക്കാർ ശ്രമം. പാവപ്പെട്ടവരെന്ന് കരുതി എന്തുമാകാമെന്ന് കരുതേണ്ട. സുനാമി ഫണ്ട് വിനിയോഗത്തിൽ സർക്കാരിന്റെ ഒളിച്ചുകളി തുടർന്നാൽ ശക്തമായ സമരത്തെ നേരിടേണ്ടിവരുമെന്ന് അദ്ദേഹം മുന്നറിയിപ്പ് നൽകി.

സമരം ഇവിടെ അവസാനിക്കുന്നില്ലെന്നും ഇപ്പോഴത്തെ സമരം സൂചന മാത്രമാണെന്നും അദ്ദേഹം പറഞ്ഞു. സുനാമി ദുരന്തം ഉണ്ടായിട്ട് മൂന്ന് വർഷം കഴിഞ്ഞു. തമിഴ് നാട് സർക്കാർ ഭവനരഹിതരായവർക്ക് വീട് നിർമ്മിച്ച് നൽകിയെങ്കിലും കേരള സർക്കാർ ഇക്കാര്യത്തിൽ ഒന്നും ചെയ്തിട്ടില്ല. 70 ലക്ഷം രൂപ മാത്രമാണ് കേരള സർക്കാർ അനുവദിച്ചത്. സുനാമി പുനരധിവാസമായി തീരദേശ മേഖലയ്ക്ക് കേന്ദ്രസർക്കാർ അനുവദിച്ച 1441 രൂപ സംസ്ഥാന സർക്കാർ വകമാറ്റി ചെലവഴിക്കുകയാണ്. ഭവനങ്ങൾ നിർമ്മിക്കാൻ സ്ഥലം കണ്ടെത്തി നൽകിയിട്ടും സർക്കാർ ഒളിച്ചു കളി നടത്തുകയാണ്. സാമ്പത്തിക പരാധീനത കാരണമാണ് തുക വകമാറ്റി ചെലവഴിച്ചതെന്ന വിശദീകരണം തൃപ്തികരമല്ല. സർക്കാരിന്റെ പ്രവൃത്തികൾ മത്സ്യത്തൊഴിലാളികളെ വേദനിപ്പിച്ചു.

പുനരധിവാസത്തിനായി കേന്ദ്ര സർക്കാർ അനുവദിച്ച കോടിക്കണക്കിന് രൂപ ദുരിതം അനുഭവിക്കുന്ന തീരദേശവാസികൾക്കായി ഫലപ്രദമായി വിനിയോഗിക്കണം. ഇക്കാര്യത്തിൽ നിരവധി തവണ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും തെറ്റു തിരുത്താതെ മത്സ്യത്തൊഴിലാളികളെ ചൂഷണം ചെയ്യുകയാണ്. അവരെ നിസാരൻമാരായാണ് സർക്കാർ കരുതുന്നത്. സുനാമി കാരണം മത്സ്യസമ്പത്ത് കുറഞ്ഞിരിക്കുകയാണ്. മത്സ്യബന്ധനത്തിനും തടസം നേരിടുന്നു.

ഈ സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികളെ സഹായിക്കേണ്ട സർക്കാരിൽ നിന്നും യാതൊരു പിന്തുണയും ലഭിക്കുന്നില്ല. മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ലഭിക്കേണ്ട സുനാമി സ്കോളർഷിപ്പ് 18,000 പേർക്ക് മാത്രമായി പരിമിതപ്പടുത്തിയിരിക്കയാണ്. തീരദേശത്തെ വിദ്യാർത്ഥികൾക്കാകട്ടെ സ്കോളർഷിപ്പ് ലഭിച്ചിട്ടുമില്ല. ഈ അവസ്ഥ തുടരാൻ അനുവദിക്കില്ലെന്നും തെറ്റ് തിരുത്താൻ സർക്കാർ തയ്യാറായില്ലെങ്കിൽ ശക്തമായ സമരത്തെ അഭിമുഖീകരിക്കേണ്ടിവരുമെന്നും ബിഷപ് സൂസൈപാക്യം പറഞ്ഞു. പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ തയ്യാറാകാത്ത മന്ത്രിമാർ ഗ്രൂപ്പ് കളിക്കുകയാണെന്ന് തുടർന്ന് സംസാരിച്ച തിരുവനന്തപുരം ലത്തീൻ അതിരൂപത കോ-ഓർഡിനേറ്റർ ഫാ. ജെയിംസ് കുലാസ് പറഞ്ഞു. മന്ത്രിമാർ പാർട്ടിസമ്മേളനങ്ങളിലും ഗ്രൂപ്പ് ചർച്ചയിലുമാണ്. ഈ ദുർഭരണത്തിൽ ജനങ്ങൾ സഹികെട്ടു. സർക്കാരിനെതിരെ ജനവികാരം ആരംഭിക്കുമെന്ന് അദേഹം മുന്നറിയിപ്പ് നൽകി. ഫാദർ യൂജിൻ പെരേര, ഫാദർ സാസ ഇഗ്നേഷ്യസ് എന്നിവർ സംസാരിച്ചു. വൈദീകരും കന്യാസ്ത്രീകളും ഉൾപ്പെടെ നൂറ് കണക്കിന് പേർ പങ്കെടുത്ത മാർച്ചിൽ പീറ്റർ, വേളി വർഗ്ഗീസ്, സേവ്യർ ലോപ്പസ്, പൂന്തുറ ഫ്രാൻസിസ് തുടങ്ങിയവർ നേതൃത്വം നൽകി.